To witness to His love and compassion

# KANNUR DIOCESAN GAZETTE
# കണ്ണൂർ രൂപതാ ഗസറ്റ്

| Vol. XVIII | 2017 August 29 | No: 4 |
|---|---|---|

## ഇടയലേഖനം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരിസഹോദരന്മാരേ, കുഞ്ഞുമക്കളെ,

ഭാരതത്തിന്റെ ദ്വീതിയ അപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യർ കണ്ണൂർ സന്ദർശിച്ചതിന്റെ 475-ാം വർഷവും, വടക്കൻ മലബാറിൽ കർമ്മധീരനായ പീറ്റർ കയ്റോണിയച്ചൻ ആലംബഹീനർക്ക് അത്താണിയും ആശ്വാസവുമായി സുവിശേഷപ്രഘോഷണം ആരംഭിച്ചതിന്റെ 80 -ാം വർഷവും, "വിശ്വാസത്തിന്റെ അഗ്നി കുടംബങ്ങളിലേക്ക്" എന്ന ആപ്തവാക്യത്തോടെ വിവിധ വിശ്വാസനവീകരണപരിപാടികളോടെ ആഘോഷിക്കുന്നു. കേരളതലത്തിൽ സഭയെ അതിന്റ തനിമയിലേക്കും നവീകരണത്തിലേക്കും നയിക്കാൻ ഒരുക്കിയ മിഷൻ കോൺഗ്രസ്സിന്റെ പശ്ചാത്തലത്തിൽ നടത്തപ്പെടുന്ന ഈ പ്രവർത്തനങ്ങൾ, നമ്മുടെ എല്ലാ കുടുംബങ്ങളെയും, നമ്മെ ഓരോരുത്തരെയും, ഇടവക സമൂഹത്തെയും, രൂപതയെ ആകമാനവും പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിലൂടെ ഈശോയുടെ തിരുഹൃദയത്തിലേക്ക് പ്രതിഷ്ഠിച്ചുകൊണ്ട്, വിശ്വാസനവീകരണത്തിലേക്ക് നയിക്കാനുള്ള അവസരമാണ്. മതബോധനശുശ്രൂഷാവിഭാഗത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കും, യുവജനശുശ്രൂഷാവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കും, കുടുംബപ്രേഷിതവിഭാഗത്തിന്റെ നേതൃത്വത്തിൽ ദമ്പതികൾക്കും, വെരി റവ. ഫാദർ. ബെന്നി മണപ്പാട്ടിന്റെ നേതൃത്വത്തിൽ, ദീനസേവനനസഭയുടെയും ഉർസുലൈൻ സഭയുടെയും മറ്റ് സന്യസ്തരുടെയും സഹകരണത്തോടെ കുടുംബങ്ങൾക്കുമായി 'ഹോം മിഷനും' ഉൾപ്പെടെ വിവിധ പരിപാടികൾ സജ്ജീകരിക്കുന്നു. രൂപതയുടെ വിവിധ ആലോചനാസമിതികളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ കണക്കിലെടുത്ത് രൂപപ്പെടുത്തിയ താഴെ പറയുന്ന വിവിധ പരിപാടികളിൽ പൂർണ്ണമനസ്സോടെ നമുക്ക് പങ്കുചേർന്ന്, നമ്മുടെ വിശ്വാസം ഉജ്ജ്വലിപ്പിക്കാം, പ്രഘോഷിക്കാം.

**സെപ്തംബർ 17-23 വരെ അനുര്ജഞനവാരം** - "കർത്താവ് മോശയോട് പറഞ്ഞു: നീ ജനത്തിന്റെ അടുത്തേക്ക് പോയി ഇന്നും നാളേയും അവരെ ശുദ്ധീകരിക്കുക" (പുറ.19:10). "നിദ്ര വിട്ടുണരേണ്ടമണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി പകൽ സമീപിച്ചിരിക്കുന്നു; ആകയാൽ നമ്മുടെ അന്ധകാരത്തിന്റെ പ്രവർത്തികൾ പരിത്യജിച്ച്, പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം" (റോമ 13:11-12).

ആത്മീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ദൈവത്തോടും മറ്റുള്ളവരോടുള്ള നമ്മുടെ ഐക്യമാണ്. ദൈവത്തോട് ഐക്യപ്പെട്ട് ഒന്നായി ജീവിക്കാനുള്ള ഈ പ്രയാണത്തിന്റെ ആരംഭം ഒരാളുടെ ആന്തരീക ശുദ്ധീകരണമാണ്. ഇതിനാൽ മലയിലെ പ്രസംഗത്തിൽ ഈശോ പഠിപ്പിച്ചു 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ ദർശിക്കും' എന്ന്. വിശ്വാസത്തിന്റെ അഗ്നി നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ ജ്വലിക്കണമെങ്കിൽ നമ്മുടെ പാപങ്ങൾ കഴുകി വിശുദ്ധീക്കരിക്കപ്പെടണം. സെപ്തംബർ 17-23 വരെയുള്ള ദിവസങ്ങൾ രൂപതയിൽ 'അനുരജ്ഞനവാര'മായി ആചരിക്കുന്നത് ഈ ലക്ഷ്യത്തോടാണ്. നമ്മുടെ ഫൊറോനകളിലുള്ള മറ്റ് വൈദീകരും നമ്മുടെ ഇടവകയിലെത്തുന്ന ഈ അവസരം നല്ല ഒരു കുമ്പസാരം നടത്താൻ നമുക്ക് ശ്രമിക്കാം. കുമ്പസാരത്തിന് വിമുഖതയുള്ള നമ്മുടെ കുടുംബാംഗങ്ങളോ, ബന്ധുമിത്രാദികളോ, സഹപ്രവർത്തകരോ ഉണ്ടെങ്കിൽ അവരേയും സ്നേഹപൂർവം കർത്താവിന്റെ കരുണയുടെ കൂടാരത്തിലേക്ക് എത്തിച്ചു കഴുകി വിശുദ്ധീകരിക്കപ്പെടാൻ നമുക്ക് പരമാവധി പരിശ്രമിക്കാം.

കണ്ണൂർ രൂപതയിലെ 14 ഇടവകകളിലെ എല്ലാ വീടുകളും തന്നെ ഞാൻ സന്ദശിച്ചുകഴിഞ്ഞു. നമ്മുടെ എല്ലാ വീടുകളിലും പരിശുദ്ധ മറിയത്തിന്റെയോ വിശുദ്ധരുടെയോ ചിത്രങ്ങളോ രൂപങ്ങളോ ഉണ്ടെങ്കിലും പല ഭവനങ്ങളിലും ഈശോയുടെ തിരുഹൃദയത്തിന്റെ ചിത്രം പ്രതിഷ്ഠിച്ച് വച്ചതായികാണുന്നില്ല. കുടുംബങ്ങളെല്ലാം ഈശോയുടെ തിരുഹൃദയത്തിലേക്ക് പ്രതിഷ്ഠിതമാകണമെന്ന ദിവ്യനാഥന്റെ

ആഗ്രഹത്തിനൊത്ത് നമ്മുടെ കുടുംബങ്ങളുടെ വിശ്വാസനവീകരണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ വീടുകളിലും ഈശോയുടെ തിരുഹൃദയത്തിന്റെ ചിത്രം ഉണ്ടാകാനായും, തിരുഹൃദയഭക്തി സജീവമാകാനായും സാധിക്കണം. ഇതിനായി രൂപതയിൽ നിന്ന് ഇടവക വികാരിയിലൂടെ നല്കപ്പെടുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ ചിത്രം എല്ലാ കുടുംബങ്ങളും, ചിത്രം വേണ്ട രീതിയിൽ ഫ്രെയിം ചെയ്ത് (ഈശോയുടെ തിരുഹൃദയത്തിന്റെ ലാമിനേറ്റ് ചെയ്ത ചിത്രം ഓരോ ഇടവകയിലും ഏതെങ്കിലും സംഘടനകളോ, പാരീഷ് കൗൺസിലോ ഒരുമിച്ച് ഫ്രെയിം ചെയ്താൽ നന്ന്. അല്ലാത്തപക്ഷം ഓരോ വീടുകാർക്കും അത് സ്വന്തമായി ചെയ്തെടുക്കാവുന്നതാണ്), സെപ്തംബർ 24 -ാം തിയതി ഞായറാഴ്ച ദിവ്യബലിക്കായ് വരുമ്പോൾ കൊണ്ടുവരികയും ദിവ്യബലിയുടെ അവസാനം വൈദീകൻ, കുടുംബാംഗങ്ങൾ ഒരുമിച്ച് വഹിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ രൂപം ആശീർവദിക്കുകയും, ഇടവകതലത്തിൽ തിരുഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്യുന്നു. കത്തീഡ്രൽ ദേവാലയത്തിൽ ഈ ചടങ്ങുകൾക്ക് ഞാൻ നേതൃത്വം നല്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

**സെപ്തംബർ 24 - ഞായർ സന്ധ്യക്ക് 7.00 മണിക്ക് കുടുംബങ്ങളിൽ തിരുഹൃദയപ്രതിഷ്ഠയും സ്വർഗ്ഗീയപ്രഭാതത്തിലേക്ക് 33 ദിവസങ്ങളിലേക്കുള്ള പ്രാർത്ഥനയുടെ ആരംഭവും:-** അന്നേദിനം ഇടവകപള്ളിയിൽ സന്ധ്യാപ്രാർത്ഥനക്കുള്ള മണിനാദം മുഴങ്ങുമ്പോൾ ഭവനങ്ങളുടെ പ്രാർത്ഥന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന തിരുഹൃദയ രൂപത്തിന്റെ മുന്നിൽ അണിനിരന്നുകൊണ്ട് കുടുംബാംഗങ്ങൾ ഒരുമിച്ച് കുടുംബപ്രാർത്ഥന നടത്തുകയും അതിന്റെ അവസാനം കുടുംബനാഥൻ അല്ലെങ്കിൽ കുടുംബനാഥ, തിരുഹൃദയപ്രതിഷ്ഠ ചൊല്ലി കുടുംബാംഗങ്ങളെ എല്ലാവരെയും കർത്താവിന്റെ തിരുഹൃദയത്തിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സെപ്തംബർ 24 മുതൽ ഒക്ടോബർ 26, വ്യാഴാഴ്ച വരെയുള്ള ദിവസങ്ങളിൽ, "സ്വർഗ്ഗീയപ്രഭാതത്തിലേക്ക് 33 ദിവസങ്ങൾ" എന്ന പുസ്തകത്തിൽ നിന്നും (ഈ പുസ്തകം ഇടവകയിലൂടെ ഓരോ ഭവനത്തിനും 70 രൂപ നിരക്കിൽ ലഭിക്കും) ഓരോ ദിവസത്തേക്കുമായി കൊടുത്തിരിക്കുന്ന ഭാഗം വായിക്കുകയും, അല്പനേരം ധ്യാനിക്കുകയും അതിൽ കൊടുത്തിരിക്കുന്ന ചെറിയ പ്രാർത്ഥന ഏറ്റുചൊല്ലുകയും ചെയ്യുന്നു.

**ഒക്ടോബർ 8- ഞായർ ഇടവകകളിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെ പ്രതിഷ്ഠ:-** വരാപ്പുഴ അതിരൂപതയിലെ മരിയൻ തീർത്ഥാടനകേന്ദ്രമായ വല്ലാർപാടുത്തുവച്ച് നടത്തപ്പെടുന്ന മിഷൻ കോൺഗ്രസിന്റെ അവസാനദിവസമായ ഒക്ടോബർ 8 -ാം തിയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ കേരള ലത്തീൻസഭ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിലൂടെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിക്കുന്നതിന്റെ ഭാഗമായി, രൂപതയിലുള്ള എല്ലാ ഇടവകകളെയും പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിലൂടെ പ്രത്യേകമായി ഈശോയ്ക്ക് സമർപ്പിക്കുന്നു. വത്തിക്കാനിൽ നിന്ന് വല്ലാർപാടത്തെത്തുന്ന പേപ്പൽ പ്രതിനിധിയോടൊപ്പം, സഭാമേലദ്ധ്യക്ഷന്മാരോടൊപ്പം, കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നെത്തുന്ന 4,000 ത്തോളം വരുന്ന, മിഷൻ കോൺഗ്രസ് സമൂഹത്തോടൊപ്പം അന്ന നമുക്കും പ്രാർത്ഥനാനിർഭരരായി ഈ ചടങ്ങിൽ പങ്കുചേരാം.

**പ്രാദേശിക മിഷൻ ആഘോഷങ്ങൾ:** നമ്മുടെ കുടുംബങ്ങളിൽ വിശ്വാസത്തിന്റെ അഗ്നി ഒരിക്കൽ കൂടി ഉജ്ജ്വലിക്കാൻ, നമുക്ക് വിശ്വാസം പകർന്നു നല്കിയ ഉറവിടങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ നമ്മെ സഹായിക്കും. ഭാഗ്യസ്മരാണർഹരായ പീറ്റർ കയ്റോണിയച്ചൻ താവത്തും, ജോൺ സിക്വേര അച്ചൻ മാട്ടൂലും, ജെയിംസ് മൊന്തനാരിയച്ചൻ ഏഴിമലയിലും, ജോസഫ് ടഫറേലച്ചൻ ഇരിട്ടിയിലും, പോൾ റൊസാരിയോ അച്ചൻ കോളയാട്, ചന്ദ്രഗിരി മിഷനിലും ആരംഭിച്ച മുന്നേറ്റങ്ങളാണ് ഒരു പരിധിവരെ ഈ രൂപത നിലവിൽവരാൻ കാരണം. ഈ ആഘോഷങ്ങളുടെ രൂപതാതല സമാപ്തിയുടെ ഭാഗമായി, എല്ലാ മിഷൻ കേന്ദ്രങ്ങളിലും പ്രാദേശികമായ അനുസ്മരണചടങ്ങുകൾ നടത്തുന്നത് ഉചിതമായിരിക്കും. ചിറക്കൽ മിഷന്റെ ആരംഭമായ താവത്ത് ഈ അനുസ്മരണപരിപാടികൾ പീറ്റർ കയ്റോണിയച്ചൻ 12 പേർക്ക് ആദ്യം മാമോദീസ നല്കിയ ഒക്ടോബർ 28-ന് നടത്തുന്നതാണല്ലോ കൂടുതൽ അഭികാമ്യം.

**ഒക്ടോബർ 26 പുഞ്ചക്കാട് ചിറക്കൽ മിഷൻ കേന്ദ്രത്തിലെ ജൂബിലിയാചരണം:-** 1937 ലാണല്ലോ, ഭാഗ്യസ്മരണാർഹനായ കയ്റോണിയച്ചൻ പുഞ്ചക്കാടു തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിന്റെ അനുസ്മരണമായി പുഞ്ചക്കാട് ബെത്ലേഹം ധ്യാനകേന്ദ്രത്തിൽ, ഏകദിന പ്രേഷിതസംഗമം നടത്തപ്പെടുന്നു. പരമാവധി പേർ പങ്കെടുക്കുക.

**ഒക്ടോബർ 27:-** മാട്ടൂൽ- ദേവാലയനിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന മാട്ടൂൽ മിഷന്റെ ആഘോഷം.

**ഒക്ടോബർ 28-ശനി:-** ചിറക്കൽ മിഷന്റെ ആരംഭം കുറിച്ച താവം ഇടവകയിൽ ആഘോഷങ്ങൾ.

**ഒക്ടോബർ 29-ഞായർ സമാപനവിശ്വാസസംഗമം:-** കണ്ണൂർ രൂപതയുടെ വിശ്വാസ ഉറവിടങ്ങളുടെ ഓർമ്മ പുതുക്കാനും വിശ്വാസസമൂഹത്തിന്റെ പ്രേഷിതചൈതന്യം വീണ്ടെടുക്കാനും രൂപതയുടെ മക്കൾ അന്ന് നമ്മുടെ മാതൃദേവാലയമായ ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ സമ്മേളിക്കുന്നു. വി. ഫ്രാൻസിസ് സേവ്യർ 475 വർഷം മുമ്പ് കാലുകുത്തിയ കണ്ണൂർ കോട്ടയിലെ സെന്റ് ജെയിംസ്

ചാപ്പൽ പരിസരത്തുനിന്നും, വടക്കൻ കേരളത്തിന്റെ ഏറ്റവും വലിയ സുവിശേഷപ്രഘോഷണത്തിന് 1937 താവം ദാലിൽ ഭാഗത്ത് ആരംഭം കുറിച്ച അതുല്യനും ഭാഗ്യസ്മരണാർഹനുമായ പീറ്റർ കയ്റോണിയച്ചന്റെ ശവകുടീരത്തിൽ നിന്നും, ഇരിട്ടി ഫൊറോനയിൽ കൊട്ടുകപ്പാറയിൽ പ്രിയപ്പെട്ട ജോസഫ് ടഫേറൽ അച്ചന്റെ ശവകുടീരത്തിൽ നിന്നും, കാഞ്ഞങ്ങാട് ഫൊറോനയിൽ ഏഴിമലയിൽ ജെയിംസ് മൊന്തനാരിയച്ചന്റെ ശവകുടീരത്തിൽ നിന്നും, തളിപ്പറമ്പ, പിലാത്തറ ഫൊറോനകൾ ഒരുമിച്ച് മരിയപുരത്ത് ലീനസ് മരിയ സുക്കോളച്ചന്റെ കബറിടത്തിൽ നിന്നും, കോളയാട് വി. കോർണേലിയസിന്റെ ദേവാലയത്തിലെ ഫാ. പോൾ റൊസാറിയോ ഫെർണാഡസ് അച്ചന്റെ കബറിടത്തിൽ നിന്നും ആരംഭിക്കുന്ന വിശ്വാസപ്രഘോഷണറാലികൾ 3.30 മണിക്ക് ബർണ്ണശ്ശേരി കത്തീഡ്രലിൽ എത്തിച്ചേരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള വിശ്വാസറാലികൾ, 3.00 മണിക്ക് മുമ്പായി കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂളിന്റെ മുന്നിൽ സംഗമിക്കുകയും അവിടെ നിന്ന് ഒരുമിച്ച് രൂപതാ മാതൃദേവാലയമായ ഹോളി ട്രിനിറ്റി കത്തീഡ്രലിലേക്ക് പുറപ്പെടാവുന്നതുമാണ്. കണ്ണൂർ രൂപതയുടെ ആദ്യ അദ്ധ്യക്ഷനായ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവും, തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് മെത്രാപ്പോലീത്തയും, കോട്ടയം രൂപത സഹായമെത്രാൻ അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിയും, രൂപതയിലെ എല്ലാ വൈദീകരും, സന്യസ്തരും അല്മായസമൂഹവും ഒന്നുചേർന്ന്, കത്തോലിക്കാ വിശ്വാസം എന്ന അമൂല്യദാനം നമുക്ക് നല്കിയ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. വിശുദ്ധ ബലിയുടെ അവസാനം വിശ്വാസസമൂഹം ക്രിസ്തുവിന്റെ പ്രകാശം സൂചിപ്പിക്കുന്ന കത്തിച്ച് പിടിച്ച തിരികളുമായി വിശ്വാസപ്രഘോഷണപ്രതിജ്ഞയെടുക്കുന്നു.

ഈ ആഘോഷങ്ങളിലൂടെ വിശ്വാസത്തിന്റെ അഗ്നി നമ്മുടെ ഹൃദയങ്ങളിൽ കത്തിജ്വലിക്കുന്ന പ്രേഷിതതീക്ഷണയാൽ നിറയും. നവംമ്പർ 29 മുതൽ ഡിസംബർ 3 വരെ, മക്കിയാട് ധ്യാന കേന്ദ്രത്തിലെ റവ. ഫാദർ ജോയി നയിക്കുന്ന ബർണ്ണശ്ശേരിയിലെ കൺവെൻഷനും, 2018 ജനുവരി 24 മുതൽ 28 വരെ ശാലോമിലെ ശ്രീ. ബെന്നി പുന്നത്തറ പിലാത്തറയിൽ നയിക്കുന്ന രൂപത ബൈബിൾ കൺവെൻഷനും ഈ തീക്ഷണത നിലനിർത്താൻ നമ്മെ പ്രാപ്തരാക്കും. നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥയായ വരപ്രസാദനാഥയും വി. ഫ്രാൻസീസ് സേവ്യറും മാധ്യസ്ഥം വഹിച്ച് നമ്മെ സഹായിക്കട്ടെ.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ സ്നേഹപൂർവം ആശീർവദിക്കുന്നു.

കണ്ണൂർ ബിഷപ്പ്സ് ഹൗസിൽനിന്ന്

കണ്ണൂർ
29.08.2017

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

N.B: ഈ സർക്കുലർ 2017 സെപ്തംബർ 03 നോ 10 നോ വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും കപ്പേളകളിലും വായിക്കേണ്ടതാണ്.